# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3389 — 10.12.2018-ൽ മറുപടിക്ക്

## ശുചിത്വ സാഗരം പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.സി.കൃഷ്ണൻ<br>,, കെ. ആൻസലൻ<br>,, കെ.ജെ. മാക്സി<br>,, എം. നൗഷാദ് | | ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | കടലിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനായി ശുചിത്വ സാഗരം പദ്ധതി നടപ്പാക്കി വരുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | ഉണ്ട്. കടലിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനായി ശുചിത്വ സാഗരം പദ്ധതി നീണ്ടകര ഹാർബറിൽ 20/11/2017 മുതൽ നടപ്പാക്കി വരുന്നു.<br>നീണ്ടകര മത്സ്യബന്ധന തുറമുഖത്ത് ശുചിത്വ സാഗരം പദ്ധതി നടപ്പിലാക്കുന്നതിന് ശുചിത്വ മിഷന്റെ ധനസഹായത്തോടെ തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും 14.70 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. ജനകീയ പങ്കാളിത്തത്തോടു കൂടി ഫിഷറീസ് വകുപ്പ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, കൊല്ലം ജില്ലാ ശുചിത്വ മിഷൻ, നെറ്റ് ഫിഷ് എം.പി.ഇ.ഡി.എ, സാഫ്, കോസ്റ്റൽ പോലീസ്, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകളുടെയും ബോട്ട് ഓണേഴ്സ് അസോസിയേഷന്റെയും മറ്റ് മത്സ്യത്തൊഴിലാളി സംഘടനകളുടെയും സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. മത്സ്യബന്ധന സമയത്ത് ലഭിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ ബോട്ട് ഓണേഴ്സ് അസോസിയേഷന്റെയും മത്സ്യത്തൊഴിലാളികളുടെയും സഹകരണത്തോടെ സംഭരിച്ച് കരയിലെത്തിച്ച് നീണ്ടകര ഹാർബറിൽ സ്ഥാപിച്ചിട്ടുള്ള ഷ്രെഡിംഗ് യൂണിറ്റിൽ സംസ്കരിച്ച് റോഡ് നിർമ്മാണത്തിന് ഉപയോഗിച്ചു വരുന്നു. സാഫിൽ നിന്നും |

| | | | |
|---|---|---|---|
| | | | തെരഞ്ഞെടുത്ത 15 വനിതകൾ വീതമുള്ള രണ്ട് ഷിഫ്റ്റ് വഴി പ്ലാസ്റ്റിക് മാലിന്യങ്ങൾ കഴുകി ഉണക്കി ഷ്രെഡിംഗ് യൂണിറ്റിൽ പൊടിച്ച് ശേഖരി ക്കുന്നു. ഇതുവരെ 3987 വെയിസ്റ്റ് ചാക്കുകൾ ശേഖരിച്ച് സംസ്ക്കരിച്ചിട്ടു ണ്ട്. പദ്ധതി പ്രകാരം ഒരു ദിവസം ഒരു ഷിഫ്റ്റിൽ 200 കി.ഗ്രാം ഓളം മാലിന്യങ്ങൾ സംസ്ക്കരിക്കാൻ കഴിയും ഇതുവഴി 30 വനിതകൾക്ക് തൊഴിലും ലഭ്യമായിട്ടു ണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി കൂടുതൽ കാര്യക്ഷമമാക്കി കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | ശുചിത്വ സാഗരം പദ്ധതി സംസ്ഥാനത്തെ മറ്റ് ഹാർബറുകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപന സഹകരണത്തോടു കൂടി നടപ്പാക്കാൻ ഉദ്ദേശി ക്കുന്നു ണ്ട്. ഹാർബറുകളെയും തീരദേശ ത്തേയും മാലിന്യ വിമുക്തമാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| (സി) | ലോകത്തിനുതന്നെ മാതൃകയായി മാറിയ പ്രസ്തുത പദ്ധതിക്ക് ഐക്യരാഷ്ട്ര സഭയുടെയും ലോക സാമ്പത്തിക ഫോറത്തിന്റെയും അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | ലോകത്തിനു മാതൃകയായ പദ്ധതി എന്ന രീതിയിൽ ഇത് സംബന്ധിച്ച റിപ്പോർട്ട് ലോക സാമ്പത്തിക ഫോറത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരി ച്ചിട്ടു ണ്ട്. ഐക്യരാഷ്ട്ര സഭയും പദ്ധതിയെ ശ്ലാഘിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ